# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം
## ചീഫ് എക്സിക്യൂട്ടീവിന്റെ നടപടിക്രമങ്ങൾ
(ഹാജർ: ശ്രീമതി.ഷൈജ എസ്.)

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്- ജീവനക്കാര്യം- എൽ.ഡി.ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന 7% ഒഴിവിലേയ്ക്ക് 'സി' വിഭാഗം ജീവനക്കാരെ യോഗ്യതയുടേയും. സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ വകുപ്പുതല തസ്തികമാറ്റം വഴി താൽക്കാലികമായി നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1. ശ്രീ.ഗിരീഷ് ലാൽ മുതൽ പേരുടെ 10.04.2018 തീയതിയിലെ അപേക്ഷകൾ
2. 2002-ലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും, സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ
3. ജി.ഒ.(പി) നമ്പർ 11/74/പിഡി തീയതി 10.01.1974
4. ജി.ഒ.(പി) നമ്പർ 12/2010/പി&എആർഡി തീയതി 05.04.2010
5. ജി.ഒ.(എംഎസ്) നമ്പർ 110/എച്ച്3/12/തൊഴിൽ തീയതി 26.07.2012
6. ജി.ഒ.(പി) നമ്പർ 1/2014/ പി&എആർഡി തീയതി 03.01.2014
7. ജി.ഒ.(ആർറ്റി) നമ്പർ 857/2014/തൊഴിൽ തീയതി 27.06.2014
8. ജി.ഒ.(പി) നമ്പർ 21/2014/ പി&എആർഡി തീയതി 19.07.2014
9. ജി.ഒ.(ആർറ്റി) നമ്പർ 387/2018/തൊഴിൽ തീയതി 04.04.2018

<u>ഉത്തരവ് നമ്പർ ഇ3-21796/07 തീയതി- 01.08.2018</u>

1. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ സ്പെഷ്യൽ റൂളായ 2002-ലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും, സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങളിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന 2% ഒഴിവുകളിലേയ്ക്ക് ബോർഡിലെ പ്യൂൺ(ഒ.എ) തസ്തികയിൽ 4 വർഷത്തിൽ കുറയാത്ത സേവനം ഉള്ളവരും പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയവരും ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എ/ബി.എസ്.സി/ബി.കോം ബിരുദം അല്ലെങ്കിൽ തത്തുല്യമായ ഏതെങ്കിലും ബിരുദം നേടിയിട്ടുള്ളവരുമായ ജീവനക്കാർക്ക് വകുപ്പുതല തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പി.എസ്.സി. വഴിയുള്ള തസ്തികമാറ്റ നിയമനത്തിന് എസ്.എസ്.എൽ.സി. യോഗ്യതയുള്ളവരും, പി.എസ്.സി നടത്തുന്ന അർഹതാ നിർണ്ണയ പരീക്ഷ വിജയിച്ചവരുമായ 'സി' വിഭാഗം ജീവനക്കാർക്ക് എൽഡിസി തസ്തികയിൽ ഉണ്ടാകുന്ന 5% ഒഴിവുകൾ നീക്കിവെക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ എൽഡി ക്ലാർക്കായി നേരിട്ടുള്ള നിയമനത്തിനു വേണ്ടതായ വിദ്യാഭ്യാസ യോഗ്യത ബിരുദമാണ്. മറ്റ് സർക്കാർ വകുപ്പുകളിൽ ഇത് എസ്.എസ്.എൽ.സി.യാണ്. പി.എസ്.സി വഴിയുള്ള തസ്തികമാറ്റ നിയമനത്തിന് ബോർഡിലും മറ്റ് സർക്കാർ വകുപ്പുകളിലും നിശ്ചയിച്ചിട്ടുള്ള യോഗ്യത എസ്.എസ്.എൽ.സി.യാണ്. വകുപ്പുതല തസ്തികമാറ്റ നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത നിലവിൽ മറ്റ് സർക്കാർ വകുപ്പുകളിൽ എസ്.എസ്.എൽ.സി.യും. ബോർഡിൽ ബിരുദവുമാണ്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽഡി ക്ലാർക്ക് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത ബിരുദമാണ് എങ്കിലും എസ്.എസ്.എൽ.സി. പാസ്സായ 'സി' വിഭാഗം ജീവനക്കാർക്ക് വകുപ്പുതല തസ്തികമാറ്റം വഴി

എൽ.ഡി.ക്ലാർക്കായി നിയമനം നൽകി വരുന്നുണ്ട്. മേൽ സാഹചര്യത്തിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ എസ്.എസ്.എൽ.സി. പാസ്സായ 'സി' വിഭാഗം ജീവനക്കാർക്ക് വകുപ്പുതല തസ്തികമാറ്റം വഴി എൽ.ഡി.ക്ലാർക്കുമാരായി നിയമനം നൽകണമെന്ന ജീവനക്കാരുടെ അപേക്ഷകൾ ബോർഡ് വിശദമായി പരിഗണിക്കുകയുണ്ടായി.

3. 03.01.2014 ലെ സ.ഉ.(പി) നമ്പർ 1/2014/ ഉ.ഭ.പ.വ പ്രകാരം സർക്കാർ വകുപ്പുകളിലെ ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് എൽഡിസി/എൽഡിറ്റി തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് വകുപ്പുതല തസ്തികമാറ്റം അനുവദിച്ചു നൽകുന്നതിനും എൽഡിസി/എൽഡിറ്റി തസ്തികയിലേയ്ക്ക് സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പിൽ 10 ശതമാനത്തിലധികം വകുപ്പുതല ബൈ ട്രാൻസ്ഫർ നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമോ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമോ നിലവിൽ വ്യവസ്ഥയുണ്ടെങ്കിൽ ടി നിയമനം 10% ആയി അതത് ഭരണവകുപ്പുകൾ നിജപ്പെടുത്തേണ്ടതും സ്പെഷ്യൽ റൂളിൽ അടിയന്തിരമായി ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണ് എന്നും ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് ബോർഡിൽ നടപ്പിലാക്കേണ്ടതുണ്ട്.

4. കൂടാതെ 28.12.2015-ലെ 448-മത് ബോർഡ് യോഗത്തിന്റെ തീരുമാനം നമ്പർ-10 ന്റെ അടിസ്ഥാനത്തിൽ ബോർഡിലെ എസ്.എസ്.എൽ.സി. യോഗ്യതയുള്ള 'സി' വിഭാഗം ജീവനക്കാരിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയവരും 10 വർഷം ആകെ സേവനം പൂർത്തിയാക്കിയവരുമായ ജീവനക്കാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എൽഡി ക്ലാർക്ക് തസ്തികയിലെ 5%തസ്തികകളിലേയ്ക്ക് തസ്തികമാറ്റം വഴി എൽഡിസി ആയി നിയമിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി 30.12.2015 ലെ ഇ3-10877/15 നമ്പർ കത്ത് പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുള്ളതാണ്.

5. ശ്രീ.വി.കെ.ഗിരീഷ് ലാലും മറ്റ് മൂന്ന് പേരും ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 29707/2014 നമ്പർ കേസ്സിലെ 03.01.2017-ലെ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 04.04.2018-ലെ ജി.ഒ.(ആർറ്റി) നമ്പർ 387/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നിലവിലുള്ള സ്പെഷ്യൽ റൂളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള ശതമാനത്തിന്റെ നിരക്കിൽ അർഹതപ്പെട്ടവർക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് ചീഫ് എക്സിക്യൂട്ടീവിന് അനുമതി നൽകി ഉത്തരവായിരുന്നു.

6. മേൽ സാഹചര്യത്തിൽ സൂചന(6) സർക്കാർ ഉത്തരവ് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നടപ്പിൽ വരുത്തുന്നതിനായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ബിരുദ യോഗ്യതയുള്ള 'സി' വിഭാഗം ജീവനക്കാർക്ക് വകുപ്പുതല തസ്തികമാറ്റം വഴി എൽഡി ക്ലാർക്കായി നിയമനം ലഭിക്കുന്നതിന് എൽഡി ക്ലാർക്ക് തസ്തികയിലെ 2%തസ്തികകൾ നീക്കിവെച്ചിട്ടുള്ളത് പ്രകാരമുള്ള നിയമനത്തിനുള്ള മറ്റ് വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ട് എൽഡി.ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ 2-മത്തേയും, 52-മത്തേയും ഒഴിവുകൾ ഇപ്രകാരം നികത്തുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

7. കൂടാതെ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ എസ്.എസ്.എൽ.സി.പാസ്സായവരും പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ച് ആകെ 10 വർഷത്തെ സേവനം ഉള്ളവരുമായ 'സി' വിഭാഗം ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എൽഡി.ക്ലാർക്ക് തസ്തികയുടെ 5% തസ്തികകളിലേയ്ക്ക് വകുപ്പുതല തസ്തികമാറ്റം നൽകുന്നതിന് താഴെപറയുന്ന വ്യവസ്ഥകളോടെ ഇതിനാൽ ഉത്തരവാകുന്നു.

i. വിദ്യാഭ്യാസ യോഗ്യത- എസ്.എസ്.എൽ.സി. പാസ്സായിരിക്കണം
ii. താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചിരിക്കണം
iii. താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 10 വർഷത്തെ സേവനം പൂർത്തീകരിച്ചിരിക്കണം
iv. എൽഡി.ക്ലാർക്ക് തസ്തികയിലെ പരമാവധി 5%തസ്തികകളിലേയ്ക്കാണ് ഇപ്രകാരം നിയമനം നടത്തേണ്ടത്. പ്രൊമോഷൻ വഴിയോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ ഇപ്രകാരത്തിലുള്ള തുടർനിയമനം നടത്താൻ പാടുള്ളൂ.
v. ഇപ്രകാരത്തിലുള്ള നിയമനത്തിന് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി ബാധകമല്ല.
vi. ഇത്തരത്തിലുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗസ്ഥരില്ലാത്തപക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്.
vii. എൽഡി.ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ 1, 21, 41, 61 ,81 ......... എന്നീ ക്രമത്തിലുള്ളവ ഇപ്രകാരം നികത്തേണ്ടതാണ്.

8. മേൽ ഉത്തരവുകൾ 01.08.2018 തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. എന്നാൽ 21.10.2016 ന ശേഷം വകുപ്പുതല തസ്തികമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവുകൾ ഈ ഉത്തരവ് പ്രകാരം നികത്താവുന്നതാണ്. മേൽ ഉത്തരവുകൾ പ്രകാരമുള്ള ഭേദഗതികൾ നിലവിലെ സ്പെഷ്യൽ റൂളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (I/C)

KERALA HEADLOAD WORKERS WELFARE BOARD * ERNAKULAM

പകർപ്പ്-

എഫ്ഒ/സെക്രട്ടറി, കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം.
അക്കൗണ്ട്സ് ഓഫീസർ (ഡബ്ലിയു &ഇ) (പി &എ) (ഐ എ) (സ്റ്റാറ്റേർഡ്)
ജൂനിയർ സൂപ്രണ്ട് (ഫിനാൻസ്, ക്യാഷ്, ഓഡിറ്റ്)
എല്ലാ ജില്ലാ കമ്മിറ്റി /ഉപകാര്യാലയങ്ങൾ, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി
ഇ2,ഇ3, സ്റ്റോക്ക് ഫയൽ, ബോർഡ് വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്